**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1078** **27-07-2021 - ൽ മറുപടിയ്ക്ക്**

**തോട്ടവിളകളുടെ വൈവിദ്ധ്യവത്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ തോട്ടവിളകളുടെ വൈവിദ്ധ്യവത്ക്കരണത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വയനാട് ജില്ലയിലെ തോട്ടവിളകളുടെ വികസനത്തിനും വൈവിദ്ധ്യവത്ക്കരണത്തിനുമായി - Revitalization of Agricultural Sector in Wayanad എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി Integrated Coffee Development, Integrated Pepper Development എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. കാപ്പിത്തോട്ടങ്ങളുടെ വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ച Integrated Coffee Development എന്ന പദ്ധതിയിൽ കാപ്പി കൃഷിയുടെ വിസ്തൃതി വ്യാപനം, നിലവിലെ കാപ്പിത്തോട്ടങ്ങളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ, കണിക ജലസേചനം സ്ഥാപിക്കൽ, സംഭരണത്തിനും വിപണനത്തിനുമുള്ള സംവിധാനമൊരുക്കൽ എന്നീ ഘടകങ്ങൾക്ക് ആനുകൂല്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിലേക്കായി നടപ്പ് സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. Integrated Pepper Development എന്ന പദ്ധതി പ്രകാരം കുരുമുളക് തോട്ടങ്ങളുടെ സമഗ്രവികസനമാണ് ലക്ഷ്യമിടുന്നത്. കുരുമുളക് കൃഷി വിസ്തൃതി വ്യാപനം, കുരുമുളക് തോട്ടങ്ങളുടെ സമഗ്രവികസനം, കുരുമുളകിന്റെ വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കൽ, സെക്കന്ററി/സൂക്ഷ്മമൂലകങ്ങളുടെ ഉപയോഗത്തിന് ധനസഹായം, പ്രചാരം, ജൈവകീടനാശിനി പ്രയോഗത്തിനായുള്ള ധനസഹായം, ഫാർമേഴ്സ് ഫീൽഡ് സ്കൂളുകൾ സ്ഥാപിക്കൽ, പുതിയ സാങ്കേതിക വിദ്യയുടെ പ്രചാരണത്തിന് പ്രദർശനതോട്ടങ്ങൾ സ്ഥാപിക്കാനുള്ള ധനസഹായം, കുരുമുളകുസമിതികളുടെ ശാക്തീകരണം എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതിലേക്കായി 500 ലക്ഷം രൂപ നടപ്പുവർഷം വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജാതി, മഞ്ഞൾ, ഇഞ്ചി എന്നിവയുടെ കൃഷി |

| | | | |
|---|---|---|---|
| | | | വ്യാപനത്തിനായി 125 ലക്ഷം രൂപ കൂടി വയനാട് ജില്ലയ്ക്കായി Revitalization of Agriculture Sector in Wayanad എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (ബി) | വാണിജ്യവിളകൾ ഉൾപ്പെടെയുള്ള തോട്ടവിളകൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം റബ്ബറിന് കിലോക്ക് 150 രൂപ ഇൻസെന്റീവ് കർഷകനു നൽകി വരുന്നു. ഇത് 01/04/2021 മുതൽ 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ